**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** **07-10-2025 - ൽ മറുപടിയ്ക്ക്**

**സുസ്ഥിര വനപരിപാലന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനനശീകരണം തടയുന്നതിനും സുസ്ഥിര വനപരിപാലന പദ്ധതികൾ വികസിപ്പിക്കുന്നതിനും വനവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | വനനശീകരണം തടയുന്നതിന്റെ ഭാഗമായി, അക്കേഷ്യ, സെന്ന, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ പരിസ്ഥിതിക്കും, ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ വിദേശ വൃക്ഷങ്ങളും, അവ അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം നടത്തുന്നതിന് 17.2.21-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് വിവിധ സർക്കിളുകളിലായി 4795.18 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വന പുന:സ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ, മറ്റ് പ്രദേശങ്ങളിലെ മേൽ സൂചിപ്പിക്കപ്പെട്ട ഇനങ്ങളിലെ ഏകവിളതോട്ടങ്ങൾ, വളർച്ച മുരടിച്ച തേക്ക് തോട്ടങ്ങൾ മുതലായവയും സ്വാഭാവികവനം പുന:സ്ഥാപിക്കുന്നതിനും പരിചരണത്തിനും, പരിപാലനത്തിനുമായി കണ്ടെത്തിയിട്ടുള്ളതാണ്. സംരക്ഷണ വിഭാഗം ജീവനക്കാരെ ഫലപ്രദമായി വിനിയോഗിച്ചും, നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും, സമയ ബന്ധിതമായി പട്രോളിംഗ് നടത്തിയും, വനസംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തിയും, സുസ്ഥിര വനപരിപാലന പദ്ധതികൾ നടത്തി വരുന്നുണ്ട്. വനേതരാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന വനഭൂമികൾക്ക് പകരമായി ലഭ്യമാകുന്ന ഭൂമികളിൽ പരിഹാരവനവൽക്കരണം നടത്തിയും, സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി "വൃക്ഷസമൃദ്ധി" പോലുള്ള വിവിധ വനവൽക്കരണ പദ്ധതികൾ നടപ്പാക്കിയും വനവൽക്കരണ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ശക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | 2024-25 വർഷത്തിൽ വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷത്തെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഏകവിളതോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് പകരം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുവളർത്തൽ<br>2) കാട്ടുതീ പ്രതിരോധം<br>3) തോട്ടങ്ങളുടെ സ്ഥാപനം<br>4) സ്ഥിരം ജണ്ടകൾ നിർമ്മിച്ച് വനാതിർത്തികൾ സംരക്ഷിക്കൽ<br>5) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ മാർഗ്ഗങ്ങൾ<br>6) കെട്ടിട നിർമ്മാണം, പരിശീലനം മുതലായവയിലെ അടിസ്ഥാന സൗകര്യ വികസനം<br>7) വനത്തിനുള്ളിലും വനത്തോട് ചേർന്നും താമസിക്കുന്ന ആദിവാസി ഇതര വിഭാഗക്കാരെ വനത്തിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 1040 കുടുംബ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |
| (സി) | വരുമാന വർദ്ധന ലക്ഷ്യമിട്ട് പുതിയ തോട്ടങ്ങൾ സൃഷ്ടിക്കുവാൻ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഈ വർഷം നിലവിലുള്ള തേക്ക് തോട്ടങ്ങൾ അടച്ചുമുറി നടത്തി മേൽ പ്രദേശങ്ങളിലായി 145.62 ഹെക്ടർ സ്ഥലത്ത് പുതിയ തേക്ക് തോട്ടങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ചുവടെ പറയുന്ന നടപടികള് സ്വീകരിച്ചു വരുന്നുണ്ട്.<br>1) ഗുണമേന്മയേറിയതും, ഉൽപ്പാദനക്ഷമത കൂടിയതുമായ വിത്തുകളും, തൈകളും ഉപയോഗപ്പെടുത്തുന്നു.<br>2) കൃത്യമായ ഇടവേളകളിൽ വളപ്രയോഗം, കളപറിക്കൽ തുടങ്ങിയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.<br>3) ജലലഭ്യത, പോഷകലഭ്യത എന്നിവ ഉറപ്പാക്കുന്നു.<br>4) മണ്ണൊലിപ്പ്, മണ്ണിന്റെ മേൽമൂടി നഷ്ടപ്പെടൽ എന്നിവ നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.<br>5) കീടങ്ങൾ, പരാദങ്ങൾ, എന്നിവയുടെ ആക്രമണത്തെ ചെറുക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. |

സെക്ഷൻ ഓഫീസർ